# നീര: അപേക്ഷിക്കുന്ന എല്ലാവർക്കും ലൈസൻസ്; സബ്സിഡിക്കായി 32 കോടി രൂപ

തിരുവനന്തപുരം: നീര ഉത്പാദനത്തിന് അപേക്ഷിക്കുന്ന എല്ലാവർക്കും ലൈസൻസ് നൽകാൻ കൃഷിവകുപ്പിന്റെ ഉത്തരവായി. ജില്ലാതലത്തിലുള്ള ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറാണ് ലൈസൻസ് നൽകേണ്ടത്. ഉത്പാദനം വർധിപ്പിക്കുന്നതിനുള്ള നടപടികൾക്കായി 32 കോടി രൂപ ധനകാര്യവകുപ്പ് അനുവദിക്കും. കർഷകർ സ്വയം കണ്ടെത്തുന്ന തുകയുടെ 25 ശതമാനം മൂലധന സഹായമായി കർഷക ഉത്പാദക സംഘങ്ങൾക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നൽകും. ഇതിനായി 10 കോടി രൂപ ബജറ്റിൽ അധിക ധനാഭ്യർഥനയായി ഉൾപ്പെടുത്തും.

നീര ഉത്പാദനത്തിനായി നാളികേര സൊസൈറ്റികൾക്കും ഫെഡറേഷനുകൾക്കും കെട്ടിട യന്ത്രസാമഗ്രികൾക്ക് ധനസഹായം നൽകാൻ 10 കോടി രൂപ അനുവദിക്കും. ചെലവിന്റെ 25 ശതമാനമോ 50 ലക്ഷമോ ഏതാണ് കൂടുതൽ അതാണ് നൽകുന്നത്. ഇതിന് കെട്ടിടനിർമാണത്തിന്റെ തുക മൊത്തം ചെലവിന്റെ 25 ശതമാനമോ അതിൽ കുറവോ ആയിരിക്കണം. ധനസഹായത്തിനുള്ള ശുപാർശ നൽകേണ്ടത് നാളികേര വികസന ബോർഡാണ്. കൃഷിവകുപ്പിന് കീഴിലുള്ള ഏജൻസികളുടെ കാര്യത്തിൽ പദ്ധതികൾ പരിശോധിച്ച് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം ശുപാർശ നൽകും.

നീര ടെക്നിഷൻമാർക്ക് പരിശീലനം നൽകാൻ ഒരാൾക്ക് പതിനായിരം രൂപ അനുവദിക്കും. ഇതിനായി 12 കോടി രൂപ അനുവദിക്കും.

നീര ഉത്പാദനത്തിനും വിതരണത്തിനും കേരഫെഡിനും അനുമതി നൽകും. 1500 തെങ്ങുകൾ ചെത്താനാണ് ഇപ്പോൾ അനുമതി നൽകിയിട്ടുള്ളത്. ഇത് അയ്യായിരമായി വർധിപ്പിക്കും. കൃഷിവകുപ്പിന്റെ ഏജൻസികൾക്ക് ചെത്താനുള്ള തെങ്ങുകളുടെ എണ്ണം പരിമിതപ്പെടുത്തില്ലെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു.

കള്ളുചെത്തുവ്യവസായം പുനരുജ്ജീവിപ്പിക്കാൻ നികുതി സെക്രട്ടറി അധ്യക്ഷനായും എക്സൈസ് കമ്മീഷണർ അംഗവുമായി രൂപവത്കരിക്കുന്ന ടോഡി ബോർഡിന് ഓഹരി മൂലധനമായി ഒരു കോടി രൂപ ബിവറേജസ് കോർപ്പറേഷൻ നൽകും.